**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4519** **29-10-2021 - ൽ മറുപടിയ്ക്ക്**

**സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | "സ്റ്റാർട്ടപ്പ് ഡ്രീംസ്" പദ്ധതി മുഖേന എത്ര പട്ടികജാതി-പട്ടികവർഗ്ഗ സ്റ്റാർട്ടപ്പുകൾ ആരംഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവ സംരംഭകർക്ക് സംരംഭകത്വ പരിശീലനം നൽകി സ്റ്റാർട്ടപ്പ് ഇൻകുബേഷൻ, മെന്റർഷിപ്പ്, സപ്പോർട്ട് എന്നീ സേവനങ്ങൾ ലഭ്യമാക്കി scalable Business ഉള്ള സംരംഭങ്ങളായി മാറ്റിയെടുക്കുന്നതിന് ഉതകുന്ന പദ്ധതിയാണ് സ്റ്റാർട്ടപ്പ് ഡ്രീംസ്. പട്ടികജാതി വികസന വകുപ്പിൻ കീഴിൽ മണ്ണന്തലയിൽ 2016 മുതൽ പ്രവർത്തിച്ച വരുന്ന അംബേദ്കർ ഭവനിൽ സ്ഥാപിച്ച ഇൻകുബേഷൻ സെന്ററിൽ ഇതുവരെ 36 സ്റ്റാർട്ടപ്പുകൾക്ക് ഇൻകുബേഷൻ പിന്തുണയും 55 സ്റ്റാർട്ടപ്പുകൾക്ക് മെന്റർഷിപ്പ് പിന്തുണയും നൽകിയിട്ടുണ്ട്. നിലവിൽ സ്റ്റാർട്ടപ്പ് ഡ്രീംസ് ഇൻകുബേറ്ററിൽ നാലാമത്തെ ബാച്ച് ആയി 11 സ്റ്റാർട്ടപ്പുകളാണ് ലഭ്യമായിട്ടുള്ളത്. സ്റ്റാർട്ടപ്പ് ഡ്രീംസ് എന്ന പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പിൽ ഇല്ല. |
| (ബി) | പ്രസ്തുത സ്റ്റാർട്ടപ്പുകൾക്കായി എന്തെല്ലാം ആനുകൂല്യങ്ങളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | നാമമാത്രമായ ലൈസൻസ് ഫീസാണ് പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവരിൽ നിന്നും ഈടാക്കുന്നത്. സാങ്കേതിക പരിജ്ഞാനമുള്ള മെന്റർമാരുടെ സേവനം ഉൾപ്പെടെ മികച്ച ഉൽപന്നം വികസിപ്പിക്കുന്നതിനും അവ മികച്ച രീതിയിൽ വിപണനം നടത്തുന്നതിനുമുള്ള മാർഗ്ഗ നിർദ്ദേശം, വിവിധ നൈപുണ്യ വികസന പരിശീലന പരിപാടികൾ എന്നിവ ഈ പദ്ധതിയുടെ ഭാഗമാകുന്നവർക്ക് ലഭ്യമാണ്. നൂതന ആശയമോ ഉല്പന്നമോ ഉള്ളവരെയാണ് മേൽപ്പറഞ്ഞ പരിശീലനത്തിനായി എടുക്കുന്നത്. കേരള സ്റ്റാർട്ട്അപ്പ് മിഷന്റെ എല്ലാ പദ്ധതികളുടെയും ആനുകൂല്യം സ്റ്റാർട്ട് അപ്പ് ഡ്രീംസിലുള്ളവർക്കും ലഭിക്കും. ഓരോ സ്റ്റാർട്ട് അപ്പിനുമായി അനുവദിക്കുന്ന അടിസ്ഥാന സൗകര്യങ്ങളിൽ അതിവേഗ ഇന്റർനെറ്റും, പ്ലഗ് ആൻഡ് പ്ലേയ് വർക്ക് സ്റ്റേഷനും, കോൺഫറസ് റൂം, മീറ്റിംഗ് റൂം ഉൾപ്പെടെയുള്ള |

| | | | |
|---|---|---|---|
| | | | കോമൺ ഫെസിലിറ്റീസും സ്റ്റാർട്ടപ്പ് ഡ്രീംസിൽ ലഭ്യമാണ്. റിവോൾവിംഗ് ഫണ്ട് എന്ന പ്രത്യേക പലിശരഹിത സീഡ് ഫണ്ട് പദ്ധതി പട്ടികജാതി വിഭാഗത്തിലുള്ളവർക്കായി ലഭ്യമാണ്. നിലവിൽ 4 സംരംഭകർക്കായി 20 ലക്ഷം രൂപ ആദ്യ ഗഡുവായി പ്രത്യേക സീഡ് ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | പ്രസ്തുത സ്റ്റാർട്ടപ്പുകൾക്ക് എസ്.സി/എസ്.ടി ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന എത്ര രൂപ വായ്പ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (സി) | സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾക്കുള്ള വായ്പാ പദ്ധതിയിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ 41,90,000/- രൂപ വായ്പയായി അനുവദിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത വായ്പകൾക്ക് പലിശ സബ്സിഡി അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) | കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതിയിൽ പ്രസ്തുത വായ്പകൾക്ക് പലിശ സബ്സിഡി അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ